(ഡി) ഈ പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ സർക്കാർ ഉത്തരവ് നമ്പരും തീയതിയും ഏതാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫാം ടൂറിസം പദ്ധതിയുടെ ഫീസിബിലിറ്റി സ്റ്റഡിയും കോസ്റ്റ് ബനിഫിറ്റ് അനാലിസ്സിസും നടത്തിയിട്ടുണ്ട്. കോസ്റ്റ് ബനിഫിറ്റ് അനാലിസ്സിസിൽ 22.28% വാർഷിക അറ്റാദായം പ്രതീക്ഷിക്കുന്നു.

(ബി) ഫാം ടൂറിസം പദ്ധതിയുടെ മതിപ്പുചെലവ് 78 ലക്ഷം രൂപയാണ്. 31.5.1999 വരെ 12,31,323/- (പന്ത്രണ്ടുലക്ഷത്തി മുപ്പത്തിയൊന്നായിരത്തി മുന്നൂറ്റി ഇരുപത്തിമൂന്ന്) രൂപ ചെലവായിട്ടുണ്ട്.

(സി) 39,38,500/- രൂപ പദ്ധതിയുടെ മരാമത്ത് ജോലികൾ തൃശ്ശൂർ നിർമ്മിതി കേന്ദ്രത്തെയും കോർപ്പറേഷനിലെ രജിസ്റ്റേർഡ് കോൺട്രാക്ടർമാരായ ശ്രീ. പി.റ്റി. ജോർജിനെയും ശ്രീ. കെ. എ. ജോയിയേയുമാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ഡി) ഈ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

128 (1094) പ്ലാന്റേഷൻ കോർപ്പറേഷനിലെ ലാറ്റക്സ് വിൽപ്പന

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സ്വയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ 1998 ജനുവരി മുതൽ 1999 മേയ് വരെയുള്ള 17 മാസക്കാലയളവിൽ എത്ര തവണ ലാറ്റക്സിന്റെ വില പുതുക്കി നിശ്ചയിച്ചു;

(ബി) ഓരോ തവണയും നിശ്ചയിച്ച വില എത്രയാണ്;

(സി) വില പുതുക്കി നിശ്ചയിച്ച സമയത്ത് മാർക്കറ്റ് വില ഓരോ പ്രാവശ്യവും എത്ര വീതമായിരുന്നു;

(ഡി) 1999 ഫെബ്രുവരിക്ക് ശേഷം എത്ര ബാരൽ ലാറ്റക്സ് വിറ്റിട്ടുണ്ട് ; എന്തുവിലയ്ക്കാണ് വിറ്റതെന്ന് വ്യക്തമാക്കുമോ; ആർക്കൊക്കെ എത്ര ബാരൽ വീതം ലാറ്റക്സ് വിറ്റുവെന്നും വ്യക്തമാക്കുമോ;

ഉത്തരം

(എ) 24 തവണ വില പുതുക്കി നിശ്ചയിച്ചു.

(ബി)&(സി)വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) 5987 ബാരൽ ലാറ്റക്സ് വിറ്റിട്ടുണ്ട്. വിശദവിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly